**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2051** **12-09-2023 - ൽ മറുപടിയ്ക്ക്**

**ക്ഷീരകർഷകരുടെ മെഡി ക്ലെയിം ഇൻഷ്വറൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീരകർഷകരുടെ നിലവിലെ മെഡിക്ലെയിം ഇൻഷ്വറൻസിനെക്കുറിച്ച് വിശദമാക്കുമോ; ക്ഷീര കർഷകരുടെ മുൻപ് ഉണ്ടായിരുന്ന ആനുകൂല്യം നിലവിൽ വെട്ടിക്കുറച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | തൻവർഷം ക്ഷീരസാന്ത്വനം ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുവാൻ ക്ഷീരകർഷക ക്ഷേമനിധി ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗമായ ക്ഷീരകർഷകർക്ക് മാത്രമെ സർക്കാർ ധനസഹായം ലഭിക്കുകയുള്ളു എന്നിരുന്നാലും മുഴുവൻ പ്രീമിയം തുകയും അടച്ച് ക്ഷീരകർഷകരുടെ കുടുംബാഗങ്ങൾക്കും ക്ഷീരസംഘം ജീവനക്കാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും പദ്ധതിയിൽ ചേരാവുന്നതാണ്. ക്ഷീരസാന്ത്വനം ഇൻഷ്വറൻസ് പദ്ധതിയ്ക്കായി ഈ സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br><br>ക്ഷീരകർഷകരുടെ മുമ്പുണ്ടായിരുന്ന ആനുകൂല്യം നിലവിൽ വെട്ടിക്കുറച്ചിട്ടില്ല. |
| (ബി) | ക്ഷേമനിധി ബോർഡ് അംഗമായിരുന്ന ക്ഷീരകർഷകർക്കും അവരുടെ കുടുംബാംഗങ്ങൾക്കും നൽകി വന്നിരുന്ന മെഡിക്ലെയിം ആനുകൂല്യം നിഷേധിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (ബി) | ക്ഷേമനിധി ബോർഡ് അംഗമായിരുന്ന ക്ഷീരകർഷകർക്കും അവരുടെ കുടുംബാംഗങ്ങൾക്കും നൽകി വന്നിരുന്ന മെഡിക്ലെയിം ആനുകൂല്യം നിഷേധിച്ചിട്ടില്ല. |
| (സി) | നിലവിലെ മെഡിക്ലെയിമിൽ കുടുംബാംഗങ്ങളെക്കൂടി ഉൾപ്പെടുത്തി പ്രീമിയം അടയ്ക്കുന്നതിന് സബ്സിഡി അനുവദിച്ചിരുന്ന മുൻകാലങ്ങളിലെ രീതി പുനസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | നിലവിലെ മെഡിക്ലെയിമിൽ കുടുംബാംഗങ്ങളെ കൂടി ഉൾപ്പെടുത്തി പ്രീമിയം അടയ്ക്കുന്നതിന് സാധിക്കുന്നതാണ്. എന്നിരുന്നാലും കുടുംബാംഗങ്ങൾക്ക് തൻവർഷം സബ്സിഡി അനുവദിക്കുന്നില്ല. |
| (ഡി) | ക്ഷീര കർഷക ക്ഷേമനിധി ബോർഡ് അംഗമായിരുന്നവർക്ക് സൊസൈറ്റികൾ തന്നെ മെഡിക്ലെയിം ഇൻഷ്വറൻസ് പോളിസി അടയ്ക്കുന്ന സംവിധാനം നിലവിലുണ്ടോ; വിശദമാക്കാമോ? | (ഡി) | ക്ഷീരകർഷക ക്ഷേമനിധി ബോർഡിൽ അംഗത്വം എടുത്തവർക്ക് സൊസൈറ്റികൾ തന്നെ മെഡിക്ലെയിം ഇൻഷ്വറൻസ് പോളിസിയുടെ ഒരു ഭാഗം അടയ്ക്കുന്ന സംവിധാനം അതാത് സൊസൈറ്റികളുടെ സാമ്പത്തിക സ്ഥിതി അനുസരിച്ച് ബൈലോ പ്രകാരം അതാത് സഹകരണ സംഘം ഭരണസമിതി തീരുമാനപ്രകാരമായിരിക്കും അടയ്ക്കുന്നത്. |

സെക്ഷൻ ഓഫീസർ